57.06 കോടി രൂപയായിരുന്നത് 2009-10-ൽ 3 ഇരട്ടിയായി വർദ്ധിച്ച് 188.04 കോടി രൂപയായിട്ടുണ്ട്.

(ബി) നോട്ടുബുക്ക് നിർമ്മാണം, കാർഡ്ബോർഡ് നിർമ്മാണം എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എൻ. സി. ഡി. സി. യുടെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി (വിഷൻ 2011 ഒന്നാം ഘട്ടം) കൺസ്യൂമർ ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില അസ്ഥിരമായി തുടരുന്നത് കാരണം പാചക വാതക വിപണനം ഇപ്പോൾ വിപുലീകരിക്കുന്നത് ഫെഡറേഷനെ കൂടുതൽ നഷ്ട ത്തിലാക്കാൻ സാദ്ധ്യതയുള്ളതിനാൽ എൽ.പി.ജി. ബോട്ടിലിംഗ് യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഉപഭോ ക്താക്കളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതിയ കണക്ഷനുകൾ നൽകുന്നുണ്ട്.

(സി) 5,70,58,626 രൂപ വില വരുന്ന ഉദ്ദേശം 66 ലക്ഷം വിവിധ ഇനം നോട്ടുബുക്കുകൾ 2010 സ്കൂൾ സീസണിൽ വിൽപ്പന നടത്തി.

(ഡി) സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുക, പ്രാഥമിക സഹകരണ സ്ഥാപനങ്ങളുമായി നടത്തുന്ന സംയുക്ത സംരംഭ ത്തിലൂടെ എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുക, നീതി സ്റ്റോറുകളുടെ എണ്ണം 5000 ആയി വർദ്ധിപ്പിക്കുക, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 10 വൻകിട ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. കൂടാതെ 'വിഷൻ 2011 ഒന്നാം ഘട്ടം' എന്ന പേരിൽ 22 പദ്ധതികൾ ഉൾപ്പെടുത്തി 55.65 കോടി രൂപ ചെലവുവരുന്ന പദ്ധതിയും ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്.

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

12 (*432) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ബി) സംസ്ഥാനത്ത് എത്ര ലേബർ കോൺട്രാക്ട് സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര രൂപ വരെയുള്ള പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കാണ് സംഘങ്ങളെ ടെൻഡറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ; പ്രസ്തുത പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയുക്തമായ കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിലവിൽ പ്രധാനമായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

1. നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്.

2. കരാർ പണികൾക്ക് ഏറ്റവും കുറഞ്ഞ ടെണ്ടർ സ്വീകാര്യ കോൺട്രാക്ടറുടേത് ആയിട്ടുള്ള അവസരങ്ങളിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ രേഖാമൂലമുള്ള സമ്മതപ്രകാരം പ്രസ്തുത കരാർ സ്വീകാര്യ കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ക്വട്ടേഷനുകളെക്കാളും 10% അധിക നിരക്കിൽ അനുവദിക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

3. സംസ്ഥാന ബഡ്ജറ്റിലൂടെ ഓഹരി മൂലധനം, മാനേജീരിയൽ സബ്സിഡി, വർക്കിംഗ് ക്യാപിറ്റൽ ലോൺ എന്നീ ധനസഹായങ്ങളും, ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) പദ്ധതി പ്രവർത്തന ധനസഹായങ്ങളും നൽകുവാൻ വ്യവസ്ഥയുണ്ട്.

(ബി) സംസ്ഥാനത്ത് 195 ലേബർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ ഓഹരി മൂലധനം, കഴിഞ്ഞ കാലഘട്ടത്തിലെ പ്രവൃത്തി, ആഡിറ്റ്, ക്ലാസിഫിക്കേഷൻ, സംഘത്തിലെ സ്ഥിരം ജീവനക്കാർ എന്നിവരുടെ അടിസ്ഥാനത്തിൽ 'എ' , 'ബി' , 'സി'എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. 'എ' ക്ലാസ് സംഘങ്ങൾക്ക് ഒരേ സമയം 20 ലക്ഷം രൂപ വരെയുള്ള ജോലി പരമാവധി 100 ലക്ഷം രൂപാ വരെയും 'ബി' ക്ലാസ് സംഘങ്ങൾക്ക് ഒരേസമയം 10 ലക്ഷം രൂപാ വരെയുള്ള ജോലി പരമാവധി 50 ലക്ഷം രൂപവരെയും 'സി' ക്ലാസ് സംഘങ്ങൾക്ക് ഒരേ സമയം 4 ലക്ഷം രൂപ വരെയുള്ള ജോലി പരമാവധി 20 ലക്ഷം രൂപ വരെയുമുള്ള കരാർ പണികൾ ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘം തലത്തിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് യോഗ്യതയുള്ള പക്ഷം സർക്കാർ, കരാർ പ്രവർത്തിയുടെ തുക വർദ്ധിപ്പിച്ച് നൽകി ഉത്തരവാകാറുണ്ട്.

(ഡി) പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly